പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

15.12.2014 ൽ മറുപടിക്ക്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 48-ാം ചട്ടപ്രകാരം ഉന്നയിക്കപ്പെട്ട അടിയന്തിര ചോദ്യം.

**മണ്ണെണ്ണ സബ്സിഡി നിർത്തലാക്കിയത് മൂലമുള്ള പ്രശ്നങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ സി. ദിവാകരൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) മണ്ണെണ്ണ സബ്സിഡി നിർത്തലാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കേന്ദ്ര സർക്കാർ മണ്ണെണ്ണ സബ്സിഡി നിർത്തലാക്കുന്നതായുള്ള തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇതുമൂലം കേരളത്തിലെ തീരപ്രദേശങ്ങളിലുള്ള മത്സ്യത്തൊഴിലാളികൾക്കും ഗ്രാമപ്രദേശത്തെ പാവപ്പെട്ടവർക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടി വിശദീകരിക്കാമോ? | (ബി) കേന്ദ്ര സർക്കാർ സബ്സിഡിയോടെ നല്കിവരുന്ന മണ്ണെണ്ണ പാചകാവശ്യത്തിനും വിളക്ക് കത്തിക്കുന്നതിനും മാത്രമെ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കേരള സർക്കാരിന്റെ S.R.O. No.1338/94 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം ഇപ്രകാരം ലഭിക്കുന്ന മണ്ണെണ്ണ മത്സ്യബന്ധന മേഖലയിലും ഉപയോഗിക്കുന്നതിന് അനുവാദം നല്കിയിട്ടുണ്ട്. അതുപ്രകാരം കേന്ദ്രസർക്കാർ നല്കിവരുന്ന പി.ഡി.എസ്. മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്കും വിതരണം ചെയ്തുവരുന്നു. ഗാർഹികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകളുടെയും, പാചകവാതക കണക്ഷനുകളുടെയും, എണ്ണം ഗണ്യമായി വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് കഴിഞ്ഞ അഞ്ചുവർഷമായി മണ്ണെണ്ണയുടെ കേന്ദ്രവിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. 2009-2010 കാലയളവിൽ |

277968 കി.ലിറ്റർ അലോട്ട്മെന്റ് ഉണ്ടായിരുന്ന മണ്ണെണ്ണ 2013-2014 കാലയളവിൽ 120192 കി.ലിറ്റർ ആയി കേന്ദ്രം പരിമിതപ്പെടുത്തി, ഈ അവസരത്തിലും മത്സ്യതൊഴിലാളികൾക്ക് കൊടുക്കുന്ന മണ്ണെണ്ണയുടെ വിഹിതത്തിൽ കേരള സർക്കാർ കുറവ് വരുത്തിയിട്ടില്ല. ഇ-കാർഡുകൾക്ക് 2 ലിറ്റർ, എൻ.ഇ-കാർഡുകൾക്ക് 5 ലിറ്റർ എന്ന നിരക്കിൽ കൊടുത്തിരുന്ന സ്ഥാനത്ത് ഇ-കാർഡുകൾക്ക് ലഭ്യതയ്ക്കനുസരിച്ച് 0.5 ലിറ്റർ, അല്ലെങ്കിൽ 1 ലിറ്റർ എന്ന നിരക്കിലും എൻ.ഇ-കാർഡുകൾക്ക് 4 ലിറ്റർ എന്ന നിരക്കിലുമാണ് നൽകുന്നത്. മത്സ്യത്തൊഴിലാളികൾക്ക് 2532 കി.ലിറ്റർ മണ്ണെണ്ണ നല്കിയിരുന്നത് 2012 ഏപ്രിൽ മാസം മുതൽ കേന്ദ്ര അലോട്ട്മെന്റ് കുറഞ്ഞ സാഹചര്യത്തിൽ 2525 കി.ലിറ്റർ ആയി നിജപ്പെടുത്തി. ഇപ്പോഴും ആവശ്യകതയ്ക്കനുസരിച്ച് മത്സ്യബന്ധന മേഖലയ്ക്ക് പരമാവധി 2525 കി.ലി. മണ്ണെണ്ണ നല്കിവരുന്നുണ്ട്. മണ്ണെണ്ണയുടെ അലോട്ട്മെന്റ് കൂട്ടിനൽകുവാനായി കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ